026004

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്തെ തിരഞ്ഞെടുത്ത ട്രാൻസ്ജെൻഡർമാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

OFFICE OF THE DIRECTOR OF SOCIAL ...
11 JUL 2017

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.396/2017/സാനീവ** **തീയതി, തിരുവനന്തപുരം,21.06.2017**

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 27.04.2017 ലെ എഫ്4/16327/17 നമ്പർ കത്ത്.

(2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന UBER Tele Taxi Company ട്രാൻസ്ജെന്റർമാർക്ക് തൊഴിൽ നൽകുന്നതിന് സന്നദ്ധത അറിയിച്ചിരുന്നുവെങ്കിലും ഡ്രൈവിംഗ് ലൈസൻസുള്ള ട്രാൻസ്ജെന്റർമാർ സംസ്ഥാനത്തെ ഒരു ജില്ലയിലും ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും 5 ട്രാൻസ്ജെന്റർമാരെ വീതം തിരെഞ്ഞെടുത്ത് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിലൂടെ സംസ്ഥാനത്തെ ട്രാൻസ്ജെന്റർമാർക്ക് സ്വയം തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സാധിക്കുമെന്നും ഒരാൾക്ക് 8500/- രൂപ നിരക്കിൽ ടി പദ്ധതിയ്ക്ക് 5,95,000/- രൂപ (8500x14x5) ചെലവ് വരുമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും പ്രസ്തുത ഡ്രൈവിംഗ് (ഫോർ വീലർ) പരിശീലന പദ്ധതിയ്ക്ക് ഭരണാനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) തിരെഞ്ഞുടുപ്പിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്നും അതിനുശേഷം ജില്ലാതല സെലക്ഷൻ കമ്മിറ്റി മുഖേന മാത്രമേ ഗുണഭോക്തക്കളെ തെരെഞ്ഞടുക്കാവൂ എന്നുമുള്ള നിബന്ധനകളോടെ 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വയം തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത ട്രാൻസ്ജെന്റർമാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി ഭരണാനുമതി നൽകിയും ആയതിലേയ്ക്കാവശ്യമായ 5,95,000/- രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക

വർഷത്തെ 2235-60-200-64 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ലീലാമണി.കെ.എം.**

**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ